സായ വകുപ്പ് മന്ത്രിക്ക് കിട്ടിയില്ല എന്ന ഒരു ചോദ്യത്തിന് ഉത്തരമായി വ്യവ സായമന്ത്രി നൽകിയ തെറ്റായ മറുപടി പരിശോധിച്ച് തിരുത്തണമെന്നാവശ്യ പ്പെട്ട മിൽ ചെയർമാൻ കൂടിയായ കായംകുളം എം.എൽ.എ നൽകിയ നിവേ ദനം പരിഗണനയിൽപ്പെട്ടിരുന്നോ;

(ബി) കോപ്പികൾ കണ്ടുകിട്ടിയോ;

(സി) ഇല്ലെങ്കിൽ വീണ്ടും കോപ്പികൾ നൽകേണ്ടതുണ്ടോ;

(ഡി) വ്യവസായമന്ത്രിയുടെ ഔദ്യോഗികവസതിയിൽ ബഹുമാന പ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ മിൽ ചെയർമാൻ, ഭരണസമിതി അംഗങ്ങൾ മില്ലിന്റെ ജി.എം.എ.ഒ. എന്നിവർ കാൺകെ മിൽ ചെയർമാൻ മന്ത്രിക്ക് നൽകിയ പ്രോജക്ട് റിപ്പോർട്ടുകളുടെ കോപ്പികൾ മന്ത്രിയിൽനിന്നും ഏറ്റുവാ ങ്ങിയ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. ഗോപാലകൃഷ്ണൻ ഈ കോപ്പികൾ എന്തു ചെയ്തുവെന്ന് അന്വേഷണം നടത്തിയോ;

(ഇ) മന്ത്രിയെക്കൊണ്ട് തെറ്റായ മറുപടി നിയമസഭയിൽ നൽകാൻ ഇടയാക്കിയതിൽ കോപ്പികൾ ഏറ്റുവാങ്ങിയ ഈ ഉദ്യോഗസ്ഥന് പങ്ക് ഉണ്ടെ ങ്കിൽ അയാളുടെ പേരിൽ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരി ക്കാൻ തയാറാകുമോ;

(എഫ്) ആലപ്പുഴ സഹകരണമില്ലിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യു ന്നതിൽനിന്നും വഴിവിട്ട് പ്രവർത്തിക്കുന്ന ഈ ഉദ്യോഗസ്ഥനെ നീക്കം ചെയ്യാൻ തയാറാകുമോ;

ഉത്തരം

(എ) നിവേദനം പരിഗണനയിൽപ്പെട്ടിരുന്നു.

(ബി) കോപ്പികിട്ടി

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മന്ത്രിക്ക് റിപ്പോർട്ടിന്റെ കോപ്പി അനൗദ്യോഗികമായി ലഭിച്ചിരി ക്കുന്നതുകൊണ്ട് അനന്തര നടപടിയെടുക്കാൻ ആരെയും ചുമതലപ്പെടുത്തി യില്ല. അതുകൊണ്ട് നടപടി പ്രശ്നം ഉദിക്കുന്നില്ല.

(ഇ&എഫ്) ഉദ്ദേശിക്കുന്നില്ല

40 (615) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന് ലോൺ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന് രണ്ടുമാസംമുമ്പ് ധനകാര്യവകുപ്പ് ലോണായി അനുവദിച്ച രണ്ടു കോടി രൂപ നാളിതുവരെ മില്ലിന് ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മിൽ ചെയർമാൻ ഒന്നിലേറെ തവണ നിവേ ദനം നൽകിയിട്ടും ഇതുവരെയും ഈ തുക മില്ലിനു കിട്ടിയിട്ടില്ല എന്ന കാര്യം പരിശോധിക്കുമോ;

(സി) വ്യവസായ വകുപ്പിൽനിന്നും ഇതുപോലുള്ള ധനസഹായങ്ങൾ സമയത്ത് ലഭ്യമാക്കാതിരിക്കുന്നതിൽ ഉദ്യോഗസ്ഥന്മാരുടെ പങ്ക് എന്തെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)(ബി&സി) ഉദ്യോഗസ്ഥന്മാരുടെതല്ലാത്ത തികച്ചും സാങ്കേതിക കാരണങ്ങളാലാണ് താമസം നേരിട്ടത്. തുക നൽകി കഴിഞ്ഞു.

41 (616) മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ് ലിമിറ്റഡിന്റെ പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിച്ചശേഷം ഇതുവരെ ഓരോ വർഷവും ഉണ്ടായിട്ടുള്ള ലാഭനഷ്ടങ്ങൾ എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവിടേക്ക് ആവശ്യമായിട്ടുള്ള എല്ലാ യന്ത്രങ്ങളും സ്ഥാപിച്ചു കഴിഞ്ഞുവോ;

(ഡി) ഇല്ലെങ്കിൽ അവ സ്ഥാപിക്കുന്നതിന് എന്തു ചെലവ് വരും;

(ഇ) യന്ത്രസാമഗ്രികളുടെ അഭാവത്തിൽ ഈ സ്ഥാപനം എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997 മേയ്മാസം 23-ന്

(ബി) 1997-98 -ൽ 31,87,141.23/രൂപ നഷ്ടം
1998-99- ൽ 51,78,416.01/- രൂപ നഷ്ടം

(സി) ഇല്ല

(ഡി) 42,73,000/-

(ഇ) മറ്റു മില്ലുകളുടെ സഹായം ലഭ്യമാക്കാറുണ്ട്. (യന്ത്രങ്ങളും മറ്റു ഉപകരണങ്ങളും സർവ്വീസ് ചാർജ്ജ് നൽകി അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കുന്നു)

42 (618) വ്യാജ കൈത്തറി സംഘങ്ങൾ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ കൈത്തറി സംഘങ്ങൾ എത്രയുണ്ടെന്ന് കണ്ടുപിടിച്ചിട്ടുണ്ടോ? എങ്കിൽ അവ എത്രയെന്നും എവിടെയൊക്കെയാണ് അവ പ്രവർത്തിക്കുന്നതെന്നും അറിയിക്കുമോ;

(ബി) വ്യാജ കൈത്തറി സഹകരണ സംഘങ്ങൾ നിബേറ്റ് വെട്ടിപ്പ് നടത്തിയത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly